(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു"?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉണ്ടു".

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. കെ. വഗീസു": ഹോസ്പിറ്റൽ കാമ്പൌണ്ടിൽതന്നെയാണൊ റസിഡണ്ടു" മെഡിക്കൽ ആഫീസർ താമസിക്കുന്നതു"?

മിസ്റ്റർ സി. ജെ. മാത്യു: അല്ല.

മിസ്റ്റർ എം. കെ. വഗീസു": എത്ര അകലമുണ്ടു" ഇദ്ദേഹം താമസിക്കുന്ന സ്ഥലത്തേക്കു"?

മിസ്റ്റർ സി. ജെ. മാത്യു: ഒരു ഫർലോങ്ങ് ദൂരമുണ്ടു".

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഹോസ്പിറ്റൽ കാമ്പൌണ്ടിൽ പണം പിരിവാക്കി കെട്ടിടങ്ങൾ ഉണ്ടാക്കുന്നുണ്ടല്ലൊ; റസിഡണ്ടു മെഡിക്കൽ ആഫീസക്കു അവിടെ താമസിക്കാൻ വല്ല ഏർപ്പാടും ചെയ്യാൻ സാധിക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: സ്ഥലമുണ്ടെങ്കിൽ അദ്ദേഹത്തിനു അവിടെ താമസിക്കാം.

മിസ്സിസ്സ് ടി ഫ്രാൻസിസ്സ": റസിഡണ്ടു മെഡിക്കൽ ആഫീസക്കു പ്രൈവറ്റു പ്രാക്ടീസു" ചെയ്യാമോ?

മിസ്റ്റർ സി. ജെ. മാത്യു: വിരോധമില്ല

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: എന്താണു" അദ്ദേഹത്തെക്കൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു"?

Mr. C. J. Mathew *(Joint Secretary to Government)*: The Resident Medical Officer should always be available when any necessity arises in the hospital.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ ഉദ്ദേശം സാധിക്കുന്നതിനു" അദ്ദേഹം ദൂരെ താമസിക്കുന്നതായാൽ സാധിക്കുമോ?

Mr. C. J. Mathew *(Joint Secretary to Government)*: I said that he is residing within a distance of one furlong from the General Hospital.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: When a necessity arises in the hospital one furlong is a mighty distance.

Mr. C. J. Mathew *(Joint Secretary to Government)*: There will be always a doctor on duty in the General Hospital who will render immediate assistance.

AYYAMPILLY DISPENSARY—DOCTOR

62. മിസ്റ്റർ എം. കെ. വഗീസു": താഴെ പറയുന്ന ചോദ്യങ്ങൾക്കു" ഗവർമ്മേണ്ടു ദയവായി മറുപടി പറയുമോ.—

(എ) അയ്യമ്പിള്ളി ഡിസ്പെൻസറിയിലെ ഓണററി ഡോക്ടരെ സ്ഥലം മാറ്റിയതിനു ശേഷം അവിടെ ഒരു ഡോക്ടരെ പകരം നിയമിക്കാത്തതു" എന്തുകൊണ്ടു";

(ബി) അവിടെ ഒരു ലേഡി ഡോക്ടരെ നിയമിച്ചു കിട്ടണമെന്നു" വല്ല നിവേദനവും ഗവർമ്മേണ്ടിനു" ലഭിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഓണററി ഡോക്ടരായി പകരം നിയമിക്കുവാൻ ആരും ഇല്ലാത്തതുകൊണ്ടു".

(ബി) ഓണററി വിസിറ്റർമാർ അവരുടെ വിസിറ്റിങ്ങു" റിമാർക്സിൽ അഭിപ്രായപ്പെട്ടിട്ടുണ്ടു".

മിസ്റ്റർ എം. കെ. വഗീസു": ഈ ഡിസ്പെൻസറിയിലേക്കു പകരം ആളെ കിട്ടിയാൽ നിയമിക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: ആളെ കിട്ടുകയാണെങ്കിൽ നിയമിക്കുവാൻ വിരോധം ഉണ്ടാകുകയില്ല.

OVER-BRIDGE—RAILWAY LEVEL CROSSING—KOKKALA

63. **Mr. M. O. Thomakkutty** *(Commerce and Industry)*: Will Government be pleased to state.—

(a) whether any representation was received by them from the Trichur Municipality for contribution to construct an over-bridge at the railway level crossing on the road at Kokalai leading to the Railway goods shed;

(b) if so, what was the reply given?

LIBRARY ARCHIVES Kerala Legislative Assembly